**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 461**
**- 10.03.2015-ന് മറുപടി**
**നൽകേണ്ടത്**

## കേരള സംസ്ഥാന സംരംഭക മിഷൻ

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.ടി.വി.രാജേഷ്** | **ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| എ. | കേരള സംസ്ഥാന സംരംഭക മിഷന്റെ കീഴിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യം കിട്ടിയിട്ടുള്ളത്; എത്ര രൂപ ചെലവഴിച്ചു ജില്ല തിരിച്ച് വിശദാംശം നൽകാമോ; | 31.01.2015-ലെ കണക്കുകൾ പ്രകാരം 600 സംരംഭങ്ങൾ പൂർണ്ണമായും 164 സംരംഭങ്ങൾ ഭാഗികമായും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1811 പേർക്കാണ് ഇതിന്റെ ആനുകൂല്യം കിട്ടിയിട്ടുള്ളത്. 80,84,08,000 രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.<br>ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു. 31.12.2014-ലെ കണക്കുകൾ പ്രകാരം 39,72,63,426 രൂപ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ചു. |

| ജില്ല | സംരംഭങ്ങൾ | സംരംഭകർ | വായ്പ അനുവദിച്ച തുക (തുക ലക്ഷത്തിൽ) |
|---|---|---|---|
| തിരുവനന്തപുരം | 130 | 317 | 1412.89 |
| കൊല്ലം | 23 | 40 | 225.36 |
| പത്തനംതിട്ട | 18 | 38 | 173.32 |
| കോട്ടയം | 54 | 134 | 646.53 |
| ആലപ്പുഴ | 31 | 61 | 249.6 |
| എറണാകുളം | 102 | 234 | 1094.74 |
| ഇടുക്കി | 63 | 144 | 603.72 |
| തൃശ്ശൂർ | 21 | 43 | 201.07 |
| മലപ്പുറം | 97 | 259 | 1141.74 |

| | | | |
|---|---|---|---|
| പാലക്കാട് | 39 | 76 | 343.54 |
| കോഴിക്കോട് | 72 | 167 | 752.36 |
| വയനാട് | 37 | 92 | 374 |
| കണ്ണൂർ | 50 | 142 | 574.97 |
| കാസർകോട് | 27 | 64 | 290.25 |
| മൊത്തം | 764 | 1811 | 8084.08 |

| | | |
|---|---|---|
| ബി. | സംരംഭകർക്ക് എന്തൊക്കെ പരിശീലനങ്ങളാണ് നല്കിവരുന്നത്; ഓരോ സംരംഭത്തിനും എത്ര രൂപ വീതമാണ് സഹായം നൽകുന്നത്; വിശദാംശം നൽകാമോ; | ജില്ലാതല സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന സംരംഭങ്ങൾക്ക് നോഡൽ ഏജൻസിയായ കെ.എഫ്.സി.യുടെ നേതൃത്വത്തിൽ ഗ്രാമീണ സ്വയം തൊഴിൽ പരിശീലനകേന്ദ്രത്തിൽ (RSETI) വച്ച് 13 ദിവസത്തെ സംരംഭക്ത്വ പരിശീലനം നൽകി വരുന്നു. ഒരു സംരംഭകന് 4 ലക്ഷം രൂപ എന്ന കണക്കിൽ ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ നൽകുന്നത്. ടെക്നോക്രാറ്റിന് 10 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. (ടെക്നോക്രാറ്റ് - എഞ്ചിനീയറിംഗ് ബിരുദധാരികൾ, മൂന്നു വർഷത്തെ എഞ്ചിനീയറിംഗ് ഡിപ്ളോമയുള്ളവർ, മൃഗഡോക്ടർമാർ ഉൾപ്പെടെ വൈദ്യശാസ്ത്ര രംഗത്തെ സമസ്ത വിഭാഗം ഡോക്ടർമാർക്കും അവരവർക്ക് പ്രാവീണ്യമുള്ള പ്രവർത്തന മേഖലയിൽ സംരംഭങ്ങൾ തുടങ്ങാൻ, ചാർട്ടേർഡ് അക്കൗണ്ടന്റും കോസ്റ്റ് & മാനേജ്മെന്റ് അക്കൗണ്ടന്റുകളും, പ്രമുഖ സ്ഥാപനങ്ങളിൽ നിന്നുമുള്ള എം.ബി.എ. ബിരുദധാരികൾ) |

സെക്ഷൻ ഓഫീസർ